മരുന്നുകൾ വാങ്ങുന്നതിന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ ലംഘിച്ചതിനെപ്പറ്റി അന്വേഷണം

90 (2214) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നതിനുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റി ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) അന്വേഷണത്തിൽ എന്തെല്ലാം വസ്തുതകളാണ് ലഭിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ ലംഘിച്ചിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

പഴവർഗ്ഗങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്ന നടപടി

91 (2215) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വില്പനയ്ക്കായി കൊണ്ടുവരുന്ന പഴവർഗ്ഗങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഇത്തരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന ഇത്തരം രാസവസ്തു പ്രയോഗത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം 16 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കും പ്രകാരം പഴവർഗ്ഗങ്ങളുടെ സാമ്പിൾ ശേഖരിക്കുവാൻ സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പിൾ പരിശോധനയിൽ രാസവസ്തുക്കൾ അടങ്ങിയതായി തെളിയുന്ന പക്ഷം കുറ്റവാളികൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ

92 (2217) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിക്കവാറും കാണപ്പെടുന്ന പകർച്ചവ്യാധികളിൽ ആളുകളുടെ ജീവൻ അപഹരിക്കുന്നവ ഏതൊക്കെയാണ് ;

(ബി) ഈ പകർച്ചവ്യാധികൾ ഏതു കാലാവസ്ഥയിലാണ് കണ്ടുവരുന്നത് ;

(സി) ഈ പകർച്ചവ്യാധികൾ ഫലപ്രദമായി തടയുന്നതിന് സാധിച്ചിട്ടുണ്ടോ ;

(ഡി) ഈ രോഗങ്ങൾ തടയുന്നതിന് എത്ര പണം ഇതുവരെ ചെലവാക്കിയെന്ന് ജില്ല തിരിച്ചും ഇനം തിരിച്ചും കണക്കുകൾ നൽകുമോ ;

(ഇ) സംസ്ഥാനത്ത് പടർന്നു പിടിക്കുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിനെ കുറിച്ചും പുതിയതായി കാണപ്പെടുന്ന രോഗങ്ങൾക്ക് പുതിയ രീതിയിലുള്ള ചികിത്സ നൽകുന്നതിനെക്കുറിച്ചും, ഈ രോഗങ്ങൾക്ക് നൽകേണ്ട പുതിയ മരുന്നുകളെപ്പറ്റിയും നമ്മുടെ ഡോക്ടർമാർക്കും സന്നദ്ധ സേവന സംഘടനകൾക്കും ഏത് തരത്തിലുള്ള നിർദ്ദേശങ്ങളും പഠന ക്ലാസുകളും ആണ് ഇതുവരെ നൽകിയിട്ടുള്ളത് ;

(എഫ്) ഇപ്പോഴും ഈ രോഗങ്ങൾക്ക് പഴയ ചികിത്സാവിധികൾ ആണോ നിലവിൽ ഉള്ളത് ;

(ജി) ഈ കാര്യങ്ങൾ പരിഹരിക്കുന്നതിനും പഠിപ്പിക്കുന്നതിനും എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡെങ്കിപ്പനി, എലിപ്പനി, മലേറിയ, കോളറ, ടൈഫോയ്ഡ്.

(ബി) ചൂടും ഈർപ്പവും അധികമുള്ള സമയത്താണ് ഡെങ്കിപ്പനിയും മലേറിയയും അധികമായി കാണുന്നത്. എലിപ്പനി മഴ കഴിഞ്ഞ ഉടനെയും കാണുന്നു. കോളറ, ടൈഫോയ്ഡ് എന്നിവ എല്ലാ കാലാവസ്ഥയിലും കണ്ടു വരുന്നു.

(സി) ജലജന്യ രോഗങ്ങളായ കോളറ, ടൈഫോയ്ഡ് എന്നിവ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ എലിപ്പനി, ഡെങ്കിപ്പനി, മലേറിയ മുതലായവ നിയന്ത്രണ വിധേയമായിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly